# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 150 | 10/02/2020-ൽ മറുപടിയ്ക്ക്

### ലൈഫ് പദ്ധതിയുടെ പൂർത്തീകരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. ആൻസലൻ<br>,, രാജു എബ്രഹാം<br>,, പി.വി. അൻവർ<br>,, കെ.ഡി. പ്രസേനൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് ആവിഷ്കരിച്ച ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി പൂർത്തിയായ ഭവനങ്ങളുടെ കണക്ക് ലഭ്യമാണോ; ഈ സാമ്പത്തിക വർഷാവസാനത്തോടെ എത്ര വീടുകൾ കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; | എ) | ലൈഫ് മിഷൻ പദ്ധതിയിലെ ഒന്നാംഘട്ടമായ പൂർത്തീകരിക്കുവാനുണ്ടായിരുന്ന വീടുകളുടെ പൂർത്തീകരണ വിഭാഗത്തിൽ കണ്ടെത്തി എഗ്രിമെന്റ് വച്ച 54173 വീടുകളിൽ 52009 വീടുകളുടെ നിർമ്മാണം (96.01%) പൂർത്തീകരിച്ചു. രണ്ടാംഘട്ടമായ ഭൂമിയുള്ള ഭവനരഹിതരുടെ വിഭാഗത്തിൽ ലൈഫ്, പി.എം.എ.വൈ - ലൈഫ് (നഗരം / ഗ്രാമം) ഉൾപ്പെടെ അർഹരായി കണ്ടെത്തി എഗ്രിമെന്റ് വച്ച് വീട് നിർമ്മാണം ആരംഭിച്ച 186597 ഗുണഭോക്താക്കളിൽ 134951 പേരുടെ വീട് നിർമ്മാണം പൂർത്തീകരിച്ചു. ഇത്തരത്തിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി 186960 വീടുകളുടെ നിർമ്മാണം നാളിതുവരെ പൂർത്തീകരിച്ചു. ഈ മാസം അവസാനത്തോടെ 200000 വീടുകൾ പൂർത്തീകരിക്കുന്നതിനും ബാക്കി പൂർത്തീകരിക്കുവാനുള്ള 40770 വീടുകളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. |
| ബി) | ഭൂരഹിതരായ ഭവനരഹിതർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്നും അതിന്റെ | ബി) | ഭൂരഹിതരായ ഭവനരഹിതർക്കുവേണ്ടി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ഇടുക്കി ജില്ലയിലെ അടിമാലിയിൽ പ്രവർത്തനം ആരംഭിച്ച ഭവന സമുച്ചയത്തിന് |

| | | | |
|---|---|---|---|
| | പുരോഗതിയും അറിയിക്കാമോ; | | പുറമെ 2020 - 21 സാമ്പത്തികവർഷം 84 ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനാണ് നടപടികൾ കൈക്കൊണ്ടു വരുന്നത്. ഇതിൽ ഓരോ ജില്ലയിലും ഓരോ പൈലറ്റ് ഭവന സമുച്ചയങ്ങളും (14) കെയർ ഹോം മുഖേന ഓരോ ഭവനസമുച്ചയങ്ങളും (14) കൂടാതെ വിവിധ ജില്ലകളിലായി 56 ഭവന സമുച്ചയങ്ങളും നിർമ്മിക്കുന്നതിനാണ് നടപടികൾ പുരോഗമിക്കുന്നത്. ഇടുക്കി ജില്ലയിലെ അടിമാലിയിൽ പ്രവർത്തനം തുടങ്ങിയ സമുച്ചയത്തിൽ ആ പഞ്ചായത്തിലെ മുഴുവൻ അർഹരായ 163 കുടുംബങ്ങൾക്കും ഫ്ളാറ്റ് നൽകി പുനരധിവസിപ്പിച്ചിട്ടുണ്ട്.<br><br>14 പൈലറ്റ് ഭവന സമുച്ചയങ്ങളിൽ തൃശ്ശൂർ ജില്ലയിലേയും (വടക്കാഞ്ചേരി മുനിസിപ്പാലിറ്റി) മലപ്പുറം ജില്ലയിലേയും (പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി) ഭവനസമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിക്കുകയും 25% പൂർത്തീകരിച്ചും കഴിഞ്ഞു. എറണാകുളം ജില്ലയിൽ ജി.സി.ഡി.എ വക സ്ഥലത്തും തിരുവനന്തപുരത്ത് കോർപ്പറേഷൻ വക സ്ഥലത്തും പ്രാരംഭനടപടികൾ പൂർത്തീകരിച്ചുവരുന്നു. ബാക്കിയുള്ള 10 ജില്ലകളിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് വർക്ക് അവാർഡ് ചെയ്തു കഴിഞ്ഞു. ഈ മാസം തന്നെ പ്രവർത്തികൾ ആരംഭിക്കുന്നതാണ്.<br>സഹകരണ വകുപ്പിനു കീഴിലുള്ള കെയർഹോം മുഖേന നിർമ്മിക്കുന്ന 14 സമുച്ചയങ്ങളുടെ സ്ഥല പരിശോധന നടന്നുവരുന്നു. ഇതിനു പുറമെയുള്ള 56 ഭവനസമുച്ചയങ്ങളുടെ സർവ്വേ നടപടികളും ഡി.പി.ആർ തയ്യാറാക്കലും നടന്നുവരുന്നു.<br>ടി ഭവനസമുച്ചയങ്ങളിൽ തിരുവനന്തപുരം, കൊച്ചി ഒഴികെയുള്ള പൈലറ്റ് സമുച്ചയങ്ങൾ 2020 ഓഗസ്റ്റ് മാസത്തോടെയും ബാക്കിയുള്ളവ 2020 അവസാനത്തോടെയും പൂർത്തീകരിക്കുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | വിവിധ ജില്ലകളിലായി ഭൂരഹിതരായ ഭവനരഹിതർ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; ഫ്ലാറ്റ് പണിയുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇവയുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | ലൈഫ് മിഷൻ 2017-ൽ കുടുംബശ്രീ മുഖേന നടത്തിയ സർവ്വേയിലൂടെ ഭൂരഹിത ഭവനരഹിതരായി 337416 പേരെയാണ് കണ്ടെത്തിയത്. ഇതിൽ രേഖാ പരിശോധനയ്ക്ക് ശേഷം നാളിതുവരെ 106792 ഗുണഭോക്താക്കൾ അർഹരായിട്ടുണ്ട്. ഭവന സമുച്ചയ നിർമ്മാണത്തിനായി വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും 314 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഭവന സമുച്ചയങ്ങളുടെ നിർമ്മാണം 2020-21, 2021-22 സാമ്പത്തികവർഷങ്ങളോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ജില്ല | കോർപ്പറേഷൻ | മുനിസിപ്പാലിറ്റി | പഞ്ചായത്ത് | ആകെ |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1948 | 1306 | 12132 | 15386 |
| 2 | കൊല്ലം | 4598 | 1340 | 9775 | 15173 |
| 3 | പത്തനംതിട്ട | | 218 | 1892 | 2110 |
| 4 | ആലപ്പുഴ | | 1976 | 4496 | 6472 |
| 5 | കോട്ടയം | | 1520 | 4585 | 6105 |
| 6 | ഇടുക്കി | | 300 | 8440 | 8740 |
| 7 | എറണാകുളം | 3317 | 2628 | 7626 | 13571 |
| 8 | തൃശ്ശൂർ | 222 | 1106 | 7432 | 8760 |
| 9 | പാലക്കാട് | | 2364 | 8122 | 10486 |
| 10 | മലപ്പുറം | | 1248 | 5112 | 6360 |
| 11 | കോഴിക്കോട് | 3008 | 287 | 1798 | 5093 |
| 12 | വയനാട് | | 481 | 2160 | 2641 |
| 13 | കണ്ണൂർ | 961 | 578 | 1086 | 2625 |
| 14 | കാസർഗോഡ് | | 586 | 2144 | 2730 |
| | **ആകെ** | **14054** | **15938** | **76800** | **106792** |

(signature)

സെക്ഷൻ ഓഫീസർ